**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **10-03-2025 - ൽ മറുപടിയ്ക്ക്**

**ആലുവയിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവ് നികത്താത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ; പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും നിയമന നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെൻറർ പ്രിൻസിപ്പൽ തസ്തികയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിരമിച്ച പ്രിൻസിപ്പൽ /സെലക്ഷൻ ഗ്രേഡ് ലക്ചർ / സീനിയർ ഗ്രേഡ് ലക്ചർ എന്നിവരെ 20,000/രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു വർഷത്തെ കരാർ വ്യവസ്ഥയിലാണ് നിയമിക്കുന്നത്. മേൽപ്രകാരമുള്ള യോഗ്യതയുള്ളവരുടെ സേവനം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർ / വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ളവർക്ക് അധിക ചുമതല നൽകി വരുന്നു.<br><br>ആലുവയിൽ പ്രവർത്തിക്കുന്ന പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിനായി വിവിധ പത്ര മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചുവെങ്കിലും അപേക്ഷകൾ ഒന്നും ലഭിച്ചിരുന്നില്ല. ടി സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ നിലക്കാതിരുക്കുന്നതിനും, പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനുമായി പ്രിൻസിപ്പൽ തസ്തികയുടെ അധിക - ചുമതല എറണാകുളം ജില്ല പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുള്ളത്.<br><br>ടി തസ്തികയിൽ നിയമനം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ പ്രിൻസിപ്പലിന്റെ ചാർജ് ജില്ലാ ഓഫീസർക്കാണോ നൽകിയിരിക്കുന്നതെന്നും മിനിസ്റ്റീരിയൽ വിഭാഗത്തിലുള്ളവർക്ക് പ്രിൻസിപ്പലിന്റെ ചാർജ് നൽകിയത് ചട്ടവിരുദ്ധമല്ലേയെന്നും ചാർജ് നൽകിട്ടുള്ള | (ബി) | പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെൻറർ പ്രിൻസിപ്പൽ തസ്തികയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും വിരമിച്ച പ്രിൻസിപ്പൽ /സെലക്ഷൻ ഗ്രേഡ് ലക്ചർ / സീനിയർ ഗ്രേഡ് ലക്ചർ എന്നിവരെ 20,000/രൂപ ഹോണറേറിയം |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥന് പ്രിൻസിപ്പൽ നിയമന ചട്ടങ്ങളിൽ അനുശാസിക്കുന്ന യോഗ്യതയുണ്ടോയെന്നും വിശദമാക്കാമോ; | | വ്യവസ്ഥയിൽ ഒരു വർഷത്തെ കരാർ വ്യവസ്ഥയിലാണ് നിയമിക്കുന്നത്. മേൽപ്രകാരമുള്ള യോഗ്യതയുള്ളവരുടെ സേവനം ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ ടി സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർ / വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ളവർക്ക് അധിക ചുമതല നൽകി വരുന്നു.<br><br>ആലുവയിൽ പ്രവർത്തിക്കുന്ന പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിനായി വിവിധ പത്ര മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചുവെങ്കിലും അപേക്ഷകൾ ഒന്നും ലഭിച്ചിരുന്നില്ല. ടി സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ നിലക്കാതിരുക്കുന്നതിനും, പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നതിനുമായി പ്രിൻസിപ്പൽ തസ്തികയുടെ അധിക - ചുമതല എറണാകുളം ജില്ല പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുള്ളത്.<br><br>ടി തസ്തികയിൽ നിയമനം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പട്ടികജാതി വികസന വകുപ്പ് നടത്തിവന്നിരുന്ന യു.പി.എസ്.സി./ബാങ്ക് പരീക്ഷാ പരിശീലനം നിർത്തിവച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ മുഖേന നടത്തിവന്നിരുന്ന യു.പി.എസ്.സി. / ബാങ്ക് പരീക്ഷ പരിശീലനം നിർത്തി വച്ചിട്ടില്ല. |
| (ഡി) | പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ/മേയ് മാസങ്ങളിൽ നടത്തിവന്നിരുന്ന ക്രാഷ് കോഴ്സുകളിൽ 2023-24 ൽ എത്ര പേർക്ക് പരിശീലനം നൽകിയെന്നും എത്ര പേർക്ക് വിവിധ കോഴ്സുകളിൽ പ്രവേശനം ലഭിച്ചുവെന്നുമുള്ള വിവരം കോഴ്സ് തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | തിരുവനന്തപുരം പ്രി എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ NEET/ KEAM ന് സഹായകരമായ ക്രാഷ് കോഴ്സിൽ 35 പേർക്കും, എറണാകുളം ആലുവ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ 84പേർക്കും പരിശീലനം നൽകി. ഇതിൽ 2 പേർക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ